**വ്യാജ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലി സമ്പാദിച്ച ബ്രാഞ്ച് പോസ്റ്റ്മാസ്റ്റർക്കെതിരെ നടപടി**

37 (5947) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്, മൂലങ്കാവ് സബ് പോസ്റ്റാഫീസ് ബ്രാഞ്ച് പോസ്റ്റ്മാസ്റ്റർ തസ്തികയിൽ വ്യാജ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലി സമ്പാദിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് വിദ്യാഭ്യാസ വകുപ്പിന്റെ ശുപാർശ ലഭിച്ചിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ വ്യാജ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് നിർമ്മിച്ചവർക്കെതിരെ കേസ്സെടുത്തിട്ടുണ്ടോ ;

(ഡി) കേസ്സെടുത്തിട്ടില്ലെങ്കിൽ അന്വേഷിച്ച് കേസ്സെടുക്കുന്നതിനും അക്കാര്യം തപാൽ വകുപ്പിനെ അറിയിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേസ്സെടുത്തിട്ടില്ല.

(ഡി) പരിശോധിച്ചുവരുന്നു.

**നൂറനാട് പോലീസ് സ്റ്റേഷൻ സബ് -ഇൻസ്പെക്ടർക്കെതിരെയുള്ള പരാതികളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ**

38 (5948) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറനാട് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ശ്രീ. ശ്രീധരനെതിരെ ലഭിച്ചിട്ടുള്ള പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) ജനപ്രതിനിധികളോടും, പൊതുപ്രവർത്തകരോടും സാധാരണക്കാരോടും ധിക്കാരപരമായും പോലീസ് സ്കോഡിന് വിരുദ്ധമായും, സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും പ്രവർത്തിക്കുകയും പെരുമാറുകയും ചെയ്യുന്ന ഇദ്ദേഹത്തിനെതിരെ, വകുപ്പുതല അന്വേഷണം നടത്തുകയും, മേലിൽ പൊതുജനങ്ങളോടും ജനപ്രതിനിധികളോടും മാന്യമായി പെരുമാറുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly